SAMAGRA PLUS

# പാദവാർഷിക മൂല്യനിർണയം - 2024
## മലയാളം-അടിസ്ഥാന പാഠാവലി
## ക്ലാസ്-9

സമയം: 1 1/2 മണിക്കൂർ | സ്കോർ : 40

***നിർദ്ദേശങ്ങൾ***

- *ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.*
- *ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരം എഴുതുക.*
- *നിർദേശങ്ങൾക്കനുസരിച്ച് ഉത്തരം എഴുതുക.*
- *ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.*

***1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക*** 1x4=4

1. "ഈ യാത്ര എല്ലാ അർത്ഥത്തിലും എനിക്കൊരു ഹിമാലയം യാത്രയായിരുന്നു"
   അടിവരയിട്ടശൈലികൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
   - ഹിമാലയത്തിലേക്കുള്ള യാത്ര
   - ഭാരമില്ലാത്ത യാത്ര
   - കഠിനയാത്ര
   - കാഴ്ചകൾ കണ്ടുള്ള യാത്ര

2. "ഐന്ദ്രിയാനുഭൂതികൾ" എന്നപദം വിഗ്രഹിക്കുമ്പോൾ
   - ഇന്ദ്രിയങ്ങളും അനുഭൂതികളും
   - ഇന്ത്യയങ്ങളിലെ അനുഭൂതി
   - ഇന്ദ്രിയങ്ങൾ നൽകുന്ന അനുഭൂതി
   - ഇന്ദ്രിയത്തിലെ അനുഭൂതി

3. അപ്പൂപ്പൻ താടിയെ പക്ഷികളുടെ ഗണത്തിൽ മനുഷ്യൻ ഉൾപ്പെടുത്താത്തത്?
   - അവയ്ക്ക് ചിറകുകൾ ഇല്ലാത്തതിനാൽ
   - വിത്തിനെ വഹിക്കുന്നതിനാൽ
   - അധിക ദൂരം പറക്കാത്തതിനാൽ
   - ജീവൻ ഇല്ലാത്തതിനാൽ

4. "അന്നേരം മുതൽ എന്തെന്നറിയാത്ത ഭീതി ഒരു മണിയനീച്ചയെ പോലെഎന്റെ മനസ്സിൽ വലയം വച്ചു തുടങ്ങി"
   'മണിയനീച്ചയെ പോലെ' എന്ന പ്രയോഗം അർത്ഥമാക്കുന്നത്
   - വെറുപ്പ്

- പക
- അസ്വസ്ഥത
- സന്തോഷം

5. 'മണൽക്കുനകൾക്കിടയിലൂടെ 'എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു
   - ചെറുകഥ
   - യാത്രാവിവരണം
   - നോവൽ
   - അനുഭവ കഥ

*6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക 2x2=4*

6. 'യാത്രകൾ സാഹിത്യ സൃഷ്ടിക്ക് പ്രേരണയാകുന്നു 'സുജാത ദേവിയുടെ ഈ വിലയിരുത്തലിനുള്ള രണ്ട് കാരണങ്ങൾ എഴുതുക?

7. അപ്പൂപ്പൻ താടിയുടെ പറക്കത്തെ വിനീതശ്രമമായി കാണണം എന്ന് പറയുന്നതിന്റെ പൊരുൾ എഴുതുക?

8. അർബാബ് നജീബിന്റെ ബാഗ് തട്ടിപ്പറിച്ചെറിഞ്ഞപ്പോൾ അയാളുടെ ഉള്ളിൽ ഉണ്ടായ ചിന്തകൾ എന്തെല്ലാം?

*9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരം എഴുതുക*

**5x4=20**

9. "ചില ഗ്രാമമൂലകളിൽ വന്നുചേരുമ്പോൾ നാം മലയാളത്തെ അനുസ്മരിക്കുകയല്ല, അനുഭവിക്കുക തന്നെ ചെയ്യുന്നു"-എസ് കെ പൊറ്റക്കാട്ടിന്റെ ഈ നിരീക്ഷണത്തിലെ ഔചിത്യം കണ്ടെത്തി എഴുതുക?

10. "ധീരമെങ്കിലും എളിയ അതിന്റെ ശ്രമം"- (സ്മാരകം)
    വിശകലനക്കുറിപ്പ് തയ്യാറാക്കുക.

11. 'സുജാത ദേവിക്ക് നിധി കുംഭങ്ങളാണ് ഹിമാലയം യാത്രകൾ '-ഈ നിരീക്ഷണത്തിന്റെ പൊരുൾ കണ്ടെത്തി എഴുതുക.

12. 'ശ്രീനികേതനം ഗ്രാമീണ പുനരുദ്ധാരണത്തിന്റെ കേന്ദ്രമാണ് '-എഴുത്തുകാരന്റെ ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?സ്വാഭിപ്രായം സമർത്ഥിക്കുക.

13. മണലാരണ്യത്തിലെ നജീബിന്റെ ജീവിതാനുഭവങ്ങൾ സുഹൃത്തിനെ അറിയിച്ചുകൊണ്ടുള്ള കത്ത് തയ്യാറാക്കുക.

14. 'യാത്രയിൽ കൊണ്ട വെയിൽ തിരികെയെത്തുമ്പോൾ തണലാകുന്നു"
ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

*15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക* 2x6=12

15. 'ലോകത്തെവിടെയും കേരളത്തെ കാണുന്ന സഞ്ചാരിയാണ് എസ് കെ പൊറ്റക്കാട്ട് '-ശാന്തിനികേതനം പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക.

16. 'വഞ്ചിതരാക്കപ്പെടുന്ന പ്രവാസികളുടെ പ്രതിനിധിയാണ് നജീബ്'. 'പ്രവാസ ജീവിതത്തിന്റെ സാധ്യതകളും പരിമിതികളും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ)തയ്യാറാക്കുക.

17. മനുഷ്യർ സ്വയം സ്മാരകങ്ങൾ പണിയുന്ന വർത്തമാനകാലത്ത് 'സ്മാരകം' എന്ന കവിത നൽകുന്ന പാഠങ്ങൾ വ്യക്തമാക്കി ഉപന്യാസം തയ്യാറാക്കുക.

..................................................

# പാദവാർഷിക മൂല്യനിർണയം 2024

## അടിസ്ഥാന പാഠാവലി -മലയാളം

## ഉത്തര സൂചിക

ക്ലാസ് 9 - സ്കോർ 40 സമയം 1 1/2 മണിക്കൂർ

| ചോദ്യ നമ്പർ | ഉത്തര സൂചിക | സ്കോർ | ആകെ |
|---|---|---|---|
| 1 | കഠിനയാത്ര | 1 | 1 |
| 2 | ഇന്ദ്രിയങ്ങൾ നൽകുന്ന അനുഭൂതി | 1 | 1 |
| 3 | ചിറകുകൾ ഇല്ലാത്തതിനാൽ | 1 | 1 |
| 4 | അസ്വസ്ഥത | 1 | 1 |
| 5 | നോവൽ | 1 | 1 |
| 6 | യാത്രകൾ അനുഭവങ്ങൾ സമ്മാനിക്കുന്നു<br>സാഹിത്യ സൃഷ്ടികൾക്ക് പ്രേരണയാകുന്നു. | 1<br>1 | 2 |
| 7 | 'അപ്പൂപ്പൻതാടിക്ക് ചിറകുകൾ ഇല്ല.<br>വിശാലമായ ആകാശം സ്വന്തമല്ല | 1<br>1 | 2 |
| 8 | ഉമ്മ കൊടുത്തയച്ച മീൻ അച്ചാർ<br>സൈനുവിന്റെ നാരങ്ങാ അച്ചാർ, വീട്ടിനെ കുറിച്ചുള്ള മറ്റു ചിന്തകൾ | 1<br>1 | 2 |
| 9 | പാഠ സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ആശയം വിശകലനം ചെയ്തിട്ടുണ്ട്<br>ഔചിത്യം കണ്ടെത്തിയിട്ടുണ്ട്.<br>ഉചിതഭാഷ | 1<br>1<br>1<br>1 | 4 |
| 10 | കവിതാ സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്<br>ആശയം വിശകലനം ചെയ്തിട്ടുണ്ട്<br>നിരീക്ഷണം ഉചിതഭാഷ | 1<br>2<br>1 | 4 |

| | | | |
|---|---|---|---|
| 11 | പാഠാശയം കണ്ടെത്തിയിട്ടുണ്ട്<br>നിരീക്ഷണത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട്<br>ഉചിത ഭാഷ | 1<br>2<br>1 | 4 |
| 12 | പാഠാശയം കണ്ടെത്തിയിട്ടുണ്ട്.<br>നിരീക്ഷണം<br>ഉചിത ഭാഷ | 1<br>2<br>1 | 4 |
| 13 | പാഠാശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>വൈകാരികത<br>കത്തിന്റെ ഘടന | 1<br>2<br>1 | 4 |
| 14 | പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്<br>പാഠങ്ങളുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്<br>ഉചിത ഭാഷ | 2<br>2<br>1 | 4 |
| 15 | പാഠാശയം ഉൾക്കൊണ്ടിട്ടുണ്ട്.<br>വിശകലനം ചെയ്തിട്ടുണ്ട്<br>നിരീക്ഷണം<br>ഉചിതഭാഷ | 2<br>2<br>1<br>1 | 6 |
| 16 | പാഠാശയം ഉൾക്കൊണ്ടിട്ടുണ്ട്<br>നിരീക്ഷണം<br>വിമർശനാത്മക വിലയിരുത്തൽ<br>ഘടന | 1<br>2<br>2<br>1 | 6 |
| 17 | കവിതാശയം ഉൾക്കൊണ്ടിട്ടുണ്ട്.<br>വിശകലനം ചെയ്തിട്ടുണ്ട്<br>സമകാലികപ്രസക്തി.<br>ഉചിതഭാഷ | 1<br>2<br>2<br>1 | 6 |